പത്രക്കുറിപ്പ്

# യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിലെ പ്രതി അറസ്റ്റിൽ

# സ്ത്രീകൾ നടത്തുന്ന സ്ഥാപനത്തിൽ കവർച്ച നടത്തിയ കേസിലെ പ്രതി പിടിയിൽ

# വീടുകളിൽ ആക്രമണം നടത്തിയ കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം:- തിരുവല്ലത്ത് യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച രണ്ടംഗ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വർക്കല എലകമൺ സ്വദേശി അനു(24) വിനെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത അനു (24)

കഴിഞ്ഞ വ്യാഴാഴ്ച പകൽ 11.30 നാണ് സംഭവം നടന്നത്. തിരുവഴിമുക്ക് സ്വദേശിയായ സഞ്ജുവിനെ കരിക്കടമുകൾ ഭാഗത്ത് വച്ച് അനുവും കൂട്ടാളിയായ തിരുവഴിമുക്ക് സ്വദേശി രാഹുലും ചേർന്ന് തടഞ്ഞ് നിർത്തി കത്തി കൊണ്ട് വെട്ടുകയും ക്രൂരമായി മർദ്ദിക്കുകയും ഇടിച്ച് പല്ല് ഇളക്കുകയും ചെയ്യുകയായിരുന്നു. സംഭവത്തിനു

ശേഷം ഒളിവിൽ പോയ പ്രതികളിൽ രണ്ടാം പ്രതിയായ അനുവിനെ തിരുവല്ലം എസ്.എച്ച്.ഒ സുരേഷ് വി. നായർ, എസ്.ഐ മാരായ ബിപിൻ പ്രകാശ്, വൈശാഖ്, സി.പി.ഒ മാരായ അരുൺ, പ്രകാശ് ഇന്നലെ അറസ്റ്റ് ചെയ്തത്. നെയ്യാറ്റിൻകര കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. ഒളിവിൽ കഴിയുന്ന ഒന്നാം പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജിതമാക്കിയതായും കമ്മീഷണർ അറിയിച്ചു.

## സ്ത്രീകൾ നടത്തുന്ന സ്ഥാപനത്തിൽ കവർച്ച നടത്തിയ കേസിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- വഞ്ചിയൂരിൽ വനിതകൾ നടത്തിവന്ന സ്ഥാപനത്തിൽ അതിക്രമിച്ച് കയറി വാതിൽ പൂട്ടിയിട്ട് ഭീഷണിപ്പെടുത്തി അഞ്ചംഗ സംഘം സ്വർണ്ണവും പണവും കവർച്ച ചെയ്ത കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പൂന്തുറ പുത്തൻപള്ളി വാർഡിൽ മുജീബ് (46) നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മറ്റ് നാല് പ്രതികളെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.


വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത മുജീബ് (46)

2020 നവംബറിലാണ് കവർച്ച നടന്നത്. പാറ്റൂരിൽ സത്രീകൾ മാത്രമായി നടത്തിവന്ന 'വീട്ടിലെ ഊണ്' എന്ന ഫുഡ് പാഴ്സൽ സ്ഥാപനത്തിൽ വൈകുന്നേരം 4 മണിയോടെ അഞ്ചംഗ സംഘം അതിക്രമിച്ച് കടന്ന് വാതിൽ പൂട്ടിയിട്ട് കത്തി കാണിച്ച് ഭീഷണിപ്പെടുത്തി 40,000/- രൂപയും ഒരു പവന്റെ സ്വർണ്ണമാലയും

മൊബൈൽ ഫോണും മോഷ്ടിച്ചെടുത്ത് കടന്നു കളയുകയുമായിരുന്നു. ഈ കേസിലെ 4 പ്രതികളെ നേരത്തെ പോലീസ് പിടികൂടുകയും ചെയ്തിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതി മുജീബിനെ അന്വേഷിച്ചു വരവെ ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷണർ ഡി.കെ പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ വഞ്ചിയൂർ എസ്.എച്ച്.ഒ ഡിപിൻ, എസ്.ഐ മാരായ ഉമേഷ്, പ്രജീഷ്കുമാർ, എ.എസ്.ഐ മാരായ സാജ് രാജ്, ഹരികുമാർ, സി.പി.ഒ മാരായ രാകേഷ്, ജോസ്, നവീൻ, ജിജോയ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# വീടുകളിൽ ആക്രമണം നടത്തിയ കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം:- തിരുവല്ലം തിരുവഴി മുക്കിലെ യുവാക്കളുടെ വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ 4 അംഗ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തിരുവല്ലം പുഞ്ചക്കരി മാവുവിള വീട്ടിൽ മനു (27) വിനെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത
മനു (27)

വെള്ളിയാഴ്ച രാത്രി 10.30 നാണ് സംഭവം നടന്നത് തിരുവഴിമുക്ക് സ്വദേശികളായ രാജീവ്, ഗോപൻ എന്നിവരുടെ വീടുകളിൽ 4 അംഗ സംഘം അതിക്രമിച്ച് കയറി കാർ അടിച്ചു തകർക്കുകയും വീട്ടുകാരെ

ഭീഷണിപ്പെടുത്തുകയും ചെയ്യുകയായിരുന്നു. മുൻവൈരാഗ്യമാണ് ആക്രമണത്തിന് കാരണം. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതികളിൽ ഒരാളായ മനുവിനെ തിരുവല്ലം എസ്.എച്ച്.ഒ സുരേഷ് വി. നായർ, എസ്.ഐ മാരായ ബിപിൻ പ്രകാശ്, വൈശാഖ്, സി.പി.ഒ മാരായ അരുൺ, പ്രകാശ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്.

തിരുവനന്തപുരം സിറ്റി
08-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി